**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3687** **14-07-2022 - ൽ മറുപടിയ്ക്ക്**

**ക്ഷീരമേഖലയിലുള്ളവരെ സഹായിക്കുന്നതിന് നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | ക്ഷീരമേഖലയിലുള്ള കർഷകർക്കാവശ്യമായ വൈക്കോൽ ലഭ്യമാക്കാനും കാലിത്തീറ്റയുടെ അനിയന്ത്രിതമായ വില നിയന്ത്രിക്കാനുമുള്ള നടപടികൾ ഉണ്ടാകുമോ; അറിയിക്കാമോ? | (എ) | കാലിത്തീറ്റയുടെ അമിത വിലവർദ്ധനവും കാലവർഷക്കെടുതിയും മൂലം സംഭവിച്ച തീറ്റവസ്തുക്കളുടെ ലഭ്യതക്കുറവും പരിഹരിക്കുന്നതിനായി ക്ഷീരവികസന വകുപ്പ് ക്ഷീരകർഷകർക്ക് പച്ചപ്പുല്ലും വൈക്കോലും, സബ്സിഡി നിരക്കിൽ നൽകി വരുന്നു. ഈ വർഷം 257 ലക്ഷം രൂപ ഈ ഇനത്തിൽ ചിലവഴിക്കുന്നതിനായി മാറ്റിവച്ചിട്ടുണ്ട്. കൂടാതെ ആലപ്പുഴ, പാലക്കാട്, തൃശ്ശൂർ എന്നീ ജില്ലകളിൽ നെൽകൃഷി കൂടുതലുള്ള പ്രദേശങ്ങളിൽ നിന്നും വൈക്കോൽ ശേഖരിച്ച് ബെയിൽ ചെയ്തു മറ്റ് പ്രദേശത്തെ കർഷകർക്ക് എത്തിച്ചുകൊടുക്കുന്നതിനായി വയ്ക്കോൽ ബെയിലിംഗ് യൂണിറ്റുകൾ ക്ഷീരസംഘങ്ങൾക്ക് നൽകുന്ന പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. കാലിത്തീറ്റയുടെ അസംസ്കൃത വസ്തുക്കൾ സംസ്ഥാനത്ത് ലഭ്യമല്ലാത്തതിനാലാണ് കാലിത്തീറ്റ വില നിയന്ത്രണത്തിനുള്ള ബുദ്ധിമുട്ട് നേരിടുന്നത്. സമീകൃത കാലിത്തീറ്റയെ ആശ്രയിച്ച് കൊണ്ടുള്ള പാലുല്പാദനം വളരെ ചിലവേറിയതാണ്. ക്ഷീരകർഷകരെ സഹായിക്കാൻ ക്ഷീര വികസന വകുപ്പ് പുൽകൃഷി പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. കാലിത്തീറ്റ വില നിയന്ത്രിക്കുവാനുള്ള എല്ലാ നടപടികളും ക്ഷീരവികസന വകുപ്പ് സ്വീകരിച്ച് വരുന്നുണ്ട്.<br><br>ക്ഷീരകർഷകർക്കാവശ്യമായ വൈക്കോൽ ലഭ്യമാക്കാനും കാലിത്തീറ്റയുടെ അനിയന്ത്രിതമായ വില നിയന്ത്രിക്കാനുമുള്ള വിവിധ നടപടികൾ മിൽമ മേഖലാ യൂണിയനുകൾ നടപ്പിലാക്കി വരുന്നു. ഗുണനിലവാരമുള്ള മിൽമ കാലിത്തീറ്റ ക്ഷീര സംഘങ്ങൾ വഴി കർഷകർക്ക് ലഭ്യമാക്കി വരുന്നുണ്ട്. കഴിഞ്ഞ രണ്ട് വർഷക്കാലമായി മിൽമ കാലിത്തീറ്റയ്ക്ക് വില വർദ്ധിപ്പിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| | | | മലബാർ, എറണാകുളം മേഖലാ യൂണിയനുകൾ അയൽസംസ്ഥാനങ്ങളിൽ ലഭ്യമായ മികച്ചതും വില കുറഞ്ഞതുമായ പച്ചപ്പുല്ല്, ചോളപ്പുല്ല്, സൈലേജ് എന്നീ തീറ്റവസ്തുക്കൾ ക്ഷീര സംഘം മുഖാന്തിരം ആവശ്യമുള്ള ക്ഷീരകർഷകർക്ക് കിലോഗ്രാമിന് 2 രൂപ തോതിൽ സബ്സിഡിയോട്ടു കൂടി ആവശ്യാനുസരണം നൽകുന്നുണ്ട്.<br><br>അസംസ്കൃത വസ്തുകൾക്ക് വില വർദ്ധനവ ഉണ്ടായിട്ടും കേരള ഫീഡ്സ് കാലിത്തീറ്റയുടെ വിലയിൽ ആനുപാതികമായി വർദ്ധനവ് വരുത്തിയിട്ടില്ല. അസംസ്കൃത വസ്തുക്കളുടെ വിലയിൽ കുറവ് ഉണ്ടായപ്പോൾ എല്ലാം തന്നെ സർക്കാർ നയത്തിന് അനുസൃതമായി വിലക്കിഴിവ് കമ്പനി നൽകിയിട്ടുണ്ട്. നിലവിൽ കേരള ഫീഡ്സ്--മിടടക്കി കാലിത്തീറ്റയ്ക്ക് ചാക്കൊന്നിന് 20/-രൂപ വിലക്കിഴിവ് കമ്പനി നൽകിവരുന്നുണ്ട്. കേരള ഫീഡ്സ് - എലൈറ്റ് കാലിത്തീറ്റയ്ക്ക് സ്വകാര്യമേഖലയിലെ സമാനമായ കാലിത്തീറ്റയെക്കാൾ 135/-രൂപയും കേരള ഫീഡ്സ്-മിടുക്കി കാലിത്തീറ്റയ്ക്ക് 90/-രൂപയും നിലവിൽ വില കുറവുണ്ട്. |

സെക്ഷൻ ഓഫീസർ